# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4652 — 26/10/2016-ൽ മറുപടിയ്ക്ക്.

## ക്ഷീര വികസനത്തിന് പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| ക്ഷീര വികസനവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | ഉണ്ട്.<br><br>1 MSDP,(മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം) IDDP (Integrated Dairy Development Programme) പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട മൂന്ന് ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>2) തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സമഗ്ര തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.<br><br>3) കാലിത്തീറ്റ സബ്സിഡി വർഷം മുഴുവൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>4) പാലിന്റേയും പാലുല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.<br><br>5) സ്റ്റേറ്റ് ഡെയറി ലാബിൽ കാലിത്തീറ്റയുടെയും, കുടിവെള്ളത്തിന്റേയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. |

6) ക്ഷീര പരിശീലന കേന്ദ്രങ്ങളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7) കൊല്ലം ജില്ലയിൽ ക്ഷീരോൽപാദക രംഗത്ത് കടന്നുവരുന്ന പുതിയ കർഷ-കരെ സഹായിക്കുന്നതിനായി സംരഭകത്വ വികസന കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിലാണ്.

8) കേരളത്തിൽ മുഴുവൻ ക്ഷീര സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഓട്ടോമേഷൻ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.